# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3468

22.08.2017-ൽ മറുപടിയ്ക്ക്

### എ.സി.ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ

| ചോദ്യം<br>ശ്രീ.എ.കെ.ശശീന്ദ്രൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പുറക്കാട്ടേരി എ.സി.ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ വികസനം സംബന്ധിച്ച് മന്ത്രിതല യോഗ തീരുമാനപ്രകാരം പ്രോജക്ട് ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | മന്ത്രിതല യോഗതീരുമാന പ്രകാരം 50 കിടക്കകളുള്ള ആയുർവേദ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്താനുള്ള പുതുക്കിയ പ്രോജക്ട് തയ്യാറാക്കി വരുന്നു. |
| ബി) | ഈ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | 2016-17 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽനിന്ന് 1,00,58,554/- (ഒരു കോടി അൻപത്തെട്ടായിരത്തി അഞ്ഞൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപ കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 46 ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചകർമ്മ തിയേറ്റർ ആരംഭിക്കുകയും, 10 ലക്ഷം രൂപ ഉപയോഗിച്ച് കോമ്പൗണ്ടിനകത്ത് റോഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം ആശുപത്രി പ്രവർത്തനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ